"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി വികസനം - തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് പട്ടികജാതി വികസന ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീ.ഹരികുമാർ.എം-ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.257/2024/SCSTD തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:-

1. 14/06/1994 ലെ നം. 36/94/ധന. സർക്കുലർ
2. 24-08-2017ലെ സ.ഉ(പി) 112/2017/Fin ഉത്തരവ്.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22.08.2023 തീയതിയിലെ എസ്റ്റാ.ബി1-3722/2023 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് പട്ടികജാതി വികസന ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീ.ഹരികുമാർ.എം - ന മെഡിക്കൽ ഗ്രൗണ്ടിൽ 01.08.2022 മുതൽ 01.04.2023 വരെയുള്ള 244 ദിവസങ്ങൾ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ടിയാന്റെ അവധി അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള പ്രൊപ്പോസൽ പരാമർശം (3) പ്രകാരം വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

2 സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി. മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിന് അവധി അപേക്ഷകൾ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധിക്കുന്നതിനായി അവധി കാലയളവിനുമുമ്പ് സമർപ്പിക്കേണ്ടതും ആവശ്യമെങ്കിൽ കെ.എസ്.ആർ., ഭാഗം 1, ചട്ടം 118(A) പ്രകാരമുള്ള രണ്ടാം വൈദ്യ പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും പരാമർശം (1) ലെ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രണ്ടാം വൈദ്യ പരിശോധന ഈ കേസിൽ നടന്നിട്ടില്ല. കൂടാതെ അപേക്ഷകൻ ലഭ്യമാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിൽ രോഗത്തിന്റെ വിശ്വാസ്യത ഉറപ്പിക്കാനാവാത്തതിനാലും, വിവിധ ഘട്ടങ്ങളിലായി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കി, തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ വീണ്ടും മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിച്ചിരിക്കുന്നതിൽ അസ്വാഭാവികത ഉള്ളതായി കാണുന്നതിനാലും, വെള്ളനാട് പട്ടികജാതി വികസന ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീ.ഹരികുമാർ.എം - ന , 01/08/2022 മുതൽ 01/04/2023 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ

ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൻ 03/04/2023 തീയതിയിൽ സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടുള്ളതിനാൽ ടിയാൾക്ക് 02/04/2023 Suffix ചെയ്ത് നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.റ്റി.ജോയി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം. (സർവീസ് ബുക്ക് സഹിതം)
ശ്രീ.ഹരികുമാർ.എം, ഓഫീസ് അറ്റന്റന്റ് (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shameem Muhammed B M
Date: 05-04-2024 14:41:53
സെക്ഷൻ ഓഫീസർ